ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 12.30 PM **DATE:08.05.2024**

പ്രധാനവാർത്തകൾ

1. രാജ്യത്ത് ലോക്സഭാ തിരഞ്ഞെടുപ്പിൻറെ വരും ഘട്ടങ്ങളിലേക്കുള്ള പ്രചാരണം സജീവം. ആറാം ഘട്ട നാമനിർദേശ പത്രികകൾ നാളെ വരെ പിൻവലിക്കാം.

2. സംസ്ഥാനത്ത് ഈ വർഷത്തെ SSLC പരീക്ഷാ ഫല പ്രഖ്യാപനം മൂന്ന് മണിക്ക്. ഹയർ സെക്കന്ററി ഫലം നാളെ.

3. SSLC വിജയശതമാനം കൂടിയതുകൊണ്ട് അക്കാദമിക് നിലവാരം കുറയില്ലെന്ന് മന്ത്രി വി ശിവൻകുട്ടി; ഫലപ്രഖ്യാപനത്തിൽ ആശങ്ക വേണ്ടെന്നും മന്ത്രി.

4. പാലക്കാട് മലമ്പുഴ മേഖലയിൽ ട്രയിനുകളുടെ വേഗത കുറയ്ക്കാനൊരുങ്ങി റെയിൽവേ; നടപടി കാട്ടാനകൾ ട്രെയിനിടിച്ചു ചരിയുന്ന സാഹചര്യത്തിൽ.

5 ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് -ലക്കനൗ സൂപ്പർ ജയന്റ്സിനെ നേരിടും.

&&&&&&&&&&&&&

RNU TVPM

മൂന്നാം ഘട്ടം - പോളിംഗ്

ലോക്സഭാ തെരഞ്ഞെടുപ്പിൻ്റെ മൂന്നാം ഘട്ട വോട്ടെടുപ്പ് സമാപിച്ചു. പത്ത് സംസ്ഥാനങ്ങളിലെയും ഒരു കേന്ദ്രഭരണ പ്രദേശത്തെയും 93 മണ്ഡലങ്ങളിൽ നടന്ന വോട്ടെടുപ്പിൽ, 64.58 ശതമാനം പോളിംഗ് രേഖപ്പെടുത്തി. വോട്ടെടുപ്പ് ഏറെക്കുറെ സമാധാനപരമായിരുന്നു. ഏറ്റവും ഉയർന്ന പോളിങ്ങ് അസമിലാണ്, 81.71 ശതമാനം. വോട്ടിങ്ങ് ഏറ്റവും കുറവ് ബിഹാറിലാണ്, 58.18 ശതമാനം. ഇതോടെ 283 പാർലമെൻറ് മണ്ഡലങ്ങളിലെ പോളിംഗ് പൂർത്തിയായി.

&&&&&&&&&&&&&

ഹെഡ് ലൈൻ - 1

ആറാം ഘട്ടം- പത്രിക പിൻവലിക്കൽ

ലോക്സഭാ തിരഞ്ഞെടുപ്പിൻറെ നാല്, അഞ്ച്, ആറ് ഘട്ടങ്ങളിലേക്കുള്ള പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. വിവിധ രാഷ്ട്രീയ കക്ഷികളുടെ നേതാക്കളും സ്ഥാനാർത്ഥികളും തിരക്കിട്ട പ്രചാരണ പരിപാടികളുമായി രംഗത്തുണ്ട്. പ്രധാനമന്ത്രിയും ബിജെപിയുടെ മുതിർന്ന നേതാവുമായ നരേന്ദ്രമോദി ഇന്ന് തെലങ്കാനയിൽ പൊതു യോഗങ്ങളിൽ പങ്കെടുത്തു. ഈ മാസം 25ന് നടക്കുന്ന ആറാം ഘട്ട വോട്ടെടുപ്പിനുള്ള പത്രികകൾ പിൻവലിക്കാൻ നാളെ വരെ അവസരമുണ്ട്.

&&&&&&&&&&&&&

ഹെഡ് ലൈൻ - 2

എസ്.എസ്.എൽ. സി പരീക്ഷാഫലം (ഇൻട്രോ)

SSLC പരീക്ഷാഫലം ഉച്ചകഴിഞ്ഞ് മൂന്നിന് തിരുവനന്തപുരത്ത് മന്ത്രി വി ശിവൻകുട്ടി പ്രഖ്യാപിക്കും. THSLC / AHSLC - പരീക്ഷാ ഫലങ്ങളുടെ പ്രഖ്യാപനവും ഇതോടൊപ്പം ഉണ്ടാകും

ഒരു റിപ്പോർട്ട് ..... (വോയ്സ്)

എസ്.എസ്.എൽ. സി പരീക്ഷാഫലം (വോയ്സ്)

ഔദ്യോഗിക ഫലപ്രഖ്യാപനത്തിനു ശേഷം result.kerala.gov.in, ഉൾപ്പെടെ സംസ്ഥാന സർക്കാറിന്റെ ഔദ്യോഗിക

RNU TVPM

വെബ്സൈറ്റുകളിലും ഫലം ലഭ്യമാകും. PRD ലൈവ് മൊബൈൽ ആപ്പിലൂടെയും വേ ഗത്തിൽ ഫലമറിയാം. ഹോം പേജിലെ ലിങ്കിൽ രജിസ്റ്റർ നമ്പർ നൽകിയാലുടൻ വിശദമായ ഫലം ലഭിക്കും. ക്ലൗഡ് സംവിധാനത്തിലൂടെ പോസ്റ്റ് ചെയ്തിരിക്കുന്ന ആപ്പിൽ തിരക്കുകൂടുന്നതിനനുസരിച്ച് ബാൻഡ് വിഡ്ത്ത് വികസിക്കുന്ന ഓട്ടോ സ്കെയിലിങ് സംവിധാനമാണ് ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് തന്നെ ഫലം തടസമില്ലാതെ വേഗത്തിൽ ലഭ്യമാകും. എസ്.എസ്.എൽ.സി /ഹയർ സെ ക്കൻഡറി/വി.എച്ച്.എസ്.ഇ ഫലങ്ങളറിയാൻ results.kite.kerala.gov.in എന്ന പ്രത്യേക പോർട്ടലിന് പുറമെ സഫലം എന്ന മൊബൈൽ ആപ്പും കൈറ്റ് സജ്ജമാക്കിയിട്ടുണ്ട്. നാല് ലക്ഷത്തി 27,105 വിദ്യാർത്ഥികളാണ് ഇത്തവണ SSLC ഫലം കാത്തിരിക്കുന്നത്. ഹയർസെ ക്കൻഡറി - VHSE പരീക്ഷാ ഫലം നാളെ ഉച്ച കഴിഞ്ഞ് മൂന്നു മണിക്ക് പ്രഖ്യാപിക്കും. നാല് ലക്ഷത്തി 41,213 വിദ്യാർഥികളാണ് ഹയർ സെക്കൻഡറി പരീക്ഷഎഴുതി ഫലം കാത്തിരിക്കുന്നത്.

ന്യൂസ് ഡെസ്ക് ആകാശവാണി.....

&&&&&&&&&&&&&

ഹെഡ് ലൈൻ - 3

SSLC - മന്ത്രി വി ശിവൻകുട്ടി

SSLC ഫലപ്രഖ്യാപനത്തിൽ ആശങ്ക വേണ്ടെന്ന് മന്ത്രി വി ശിവൻകുട്ടി. വിജയശതമാനം കൂടിയതുകൊണ്ടും എ പ്ലസിൻറെ എണ്ണം കൂടിയതുകൊണ്ടും അക്കാദമിക് നിലവാരം കുറയില്ലെന്നും വിദ്യാഭ്യാസമന്ത്രി പറഞ്ഞു. എസ് എസ് എൽ സി ഫലം വരാനിരിക്കെയാണ് വിദ്യാഭ്യാസമന്ത്രിയുടെ പ്രതികരണം. വളരെ സൂക്ഷ്മതയോടും ജാഗ്രതയോടും കൂടിയുള്ള മൂല്യനിർണയമാണ് നടത്തുന്നത്. പരക്കെ ആക്ഷേപിക്കുന്നതിന് പകരം കുട്ടികൾക്ക് പ്രോത്സാഹനവും ആത്മവിശ്വാസവും നൽകണമെന്നും മന്ത്രി

RNU TVPM

ചൂണ്ടിക്കാട്ടി. ഇത്തവണ ഒന്നാംവർഷ ഹയർസെക്കണ്ടറി ക്ലാസുകൾ വളരെ നേരത്തെ തന്നെ ആരംഭിക്കാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&

എയർ ഇന്ത്യ- റദ്ദാക്കി

എയർ ഇന്ത്യ ജീവനക്കാരുടെ മിന്നൽ പണിമുടക്കിനെ തുടർന്ന് കൊച്ചി, കണ്ണൂർ, കരിപ്പൂർ , തിരുവനന്തപുരം വിമാനത്താവളങ്ങളിൽ നിന്നുള്ള പന്ത്രണ്ടോളം വിമാന സർവീസുകൾ എയർ ഇന്ത്യ റദ്ദാക്കി. മുന്നറിയിപ്പ് ഇല്ലാതെയുള്ള റദ്ദാക്കലിൽ യാത്രക്കാരുടെ പ്രതിഷേധം ശക്തമാണ്. സ്ത്രീകളും കുട്ടികളും ഉൾപ്പടെ നൂറുകണക്കിന് യാത്രക്കാരാണ് വിവിധ വിമാനത്താവളങ്ങളിൽ കുടുങ്ങിയത്.

&&&&&&&&&&&&&

മൈലപ്ര സഹകരണ ബാങ്ക് തട്ടിപ്പ്

പത്തനംതിട്ട മൈലപ്ര സഹകരണ ബാങ്ക് തട്ടിപ്പ് കേസിൽ നടപടിയെടുത്ത് സഹകരണവകുപ്പ്. ബാങ്ക് മുൻ പ്രസിഡന്റ് ജെറി ഈശോ ഉമ്മൻ, സെക്രട്ടറി ജോഷ്വാ മാത്യു, ഇവരുടെ ബന്ധുക്കൾ എന്നിവരുടെ 18 കോടിയുടെ സ്വത്തു വകകൾ സഹകരണ വകുപ്പ് ജപ്തി ചെയ്തു. വൻ ക്രമക്കേട് നടന്ന ബാങ്കിൽ ക്രൈംബ്രാഞ്ച് അന്വേഷണം ഉൾപ്പെടെ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&

പി ഐ ബി - ശില്പശാല

കേന്ദ്രസർക്കാർ കൊണ്ടുവന്ന മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങളെക്കുറിച്ച് തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോ മാധ്യമ ശിൽപ്പശാല സംഘടിപ്പിച്ചു.
തിരുവനന്തപുരത്ത് നടന്ന ശിൽപശാലയിൽ കേരള പോലീസ് ഡിവൈ എസ് പിമാരായ ദിനിൽ ജെ കെ, ഡി കെ പൃഥ്വിരാജ് എന്നിവർ മാധ്യമപ്രവർത്തകർക്കായി ക്ലാസെടുത്തു. പി ഐ

RNU TVPM

ബി തിരുവനന്തപുരം അഡീഷണൽ ഡയറക്ടർ ജനറൽ വി.പളനിച്ചാമി ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

&&&&&&&&&&&&&

കാലാവസ്ഥ

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഉയർന്ന ചൂട് തുടരും. ആലപ്പുഴ ജില്ലയിൽ ഉഷ്ണതരംഗത്തിന് സാധ്യതയെന്ന് കാലാവസ്ഥാ വിഭാഗം അറിയിച്ചു. അതേ സമയം ഇടുക്കി, മലപ്പുറം ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കു സാധ്യത. ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നിർദ്ദേശമുണ്ട്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്തും തെക്കൻ തമിഴ്നാട് തീരത്തും ഇന്ന് രാത്രി 11.30 വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം

&&&&&&&&&&&&&

ഇടുക്കി - പകൽച്ചൂട് (ഇൻട്രോ)

കനത്ത പകൽച്ചൂട് വിനോദ സഞ്ചാര മേഖലയെയും സാരമായി ബാധിച്ചു. വേനൽ ശക്തമായി തുടരുന്നതിനാൽ പകൽ സമയങ്ങളെ ഒഴിവാക്കി രാത്രിയിലാണ് വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് സന്ദർശകരിൽ ഭൂരിഭാഗവും എത്തുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാപ്രതിനിധി രതീഷ് കൃഷ്ണൻ..... (വോയ്സ്)

&&&&&&&&&&&&&

റെഡ് ക്രോസ് ദിനം

ഇന്ന് ലോക റെഡ് ക്രോസ് ദിനം . ഇൻ്റർനാഷണൽ കമ്മിറ്റി ഓഫ്റെഡ് ക്രോസിൻ്റെ സ്ഥാപകനും 1901-ൽ സമാധാനത്തിന് ആദ്യത്തെ നോബൽ സമ്മാനം നേടിയ വ്യക്തിയുമായ ഹെൻറിഡുനാൻ്റെ ജന്മദിനമായ മെയ് എട്ടാണ് ലോക റെഡ് ക്രോസ് ദിനമായി ആചരിക്കുന്നത്.

RNUTVPM

&&&&&&&&&&&&&

KPCC അധ്യക്ഷൻ -കെ സുധാകരൻ

KPCC അധ്യക്ഷനായി കെ സുധാകരൻ വീണ്ടും ചുമതലയേറ്റു. രാവിലെ മുതിർന്ന നേതാവ് AK ആൻറണിയെ സന്ദർശിച്ച ശേഷമാണ് അദ്ദേഹം ഇന്ദിരാ ഭവനിലെത്തി ചുമതലയേറ്റത്.

&&&&&&&&&&&&&

ലോക കേരളസഭ

ലോക കേരള സഭയുടെ നാലാം സമ്മേളനം ജൂൺ 13 മുതൽ 15 വരെ തിരുവനന്തപുരത്ത് നടക്കും. ലോകമെമ്പാടുമുള്ള പ്രവാസികേരളീയരുടെ സംഗമവേദിയായ ലോക കേരള സഭയിൽ നൂറോളം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളുൾപ്പടെ 351 അംഗങ്ങൾ പങ്കെടുക്കും.

ഹെഡ് ലൈൻ - 4

പാലക്കാട് - കാട്ടാന

ഒരു മാസത്തിനിടയിൽ രണ്ട് കാട്ടാനകൾ ട്രെയിനിടിച്ചു ചരിഞ്ഞ പാലക്കാട് മലമ്പുഴ മേഖലയിൽ ട്രയിനുകളുടെ വേഗത കുറയ്ക്കാൻ തീരുമാനിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാപ്രതിനിധി ഫൈസൽ അലിമുത്ത്..... (വോയ്സ്)

&&&&&&&&&&&&&

പാലക്കാട് - മാധ്യമപ്രവർത്തകൻ

പാലക്കാട് കാട്ടാനയുടെ ആക്രമണത്തിൽ മാധ്യമ പ്രവർത്തകൻ മരിച്ചു. മാതൃഭൂമി ന്യൂസ് ക്യാമറാമാൻ എ. വി.മുകേഷ് ആണ് മരിച്ചത്. 34 വയസ്സായിരുന്നു. മലപ്പുറം പരപ്പനങ്ങാടി സ്വദേശിയാണ്. മലമ്പുഴ കൊട്ടേക്കാടിന് സമീപം വാർത്താ ഷൂട്ടിനിടെയാണ് അപകടം.

&&&&&&&&&&&&&

RNUTVPM

തൃശ്ശൂർ - വെസ്റ്റ് നൈൽ പനി

വെസ്റ്റ് നൈൽ പനി ബാധിച്ച് തൃശ്ശൂരിൽ ഒരു മരണം റിപ്പോർട്ട് ചെയ്തു. 79 വയസ്സുള്ള വാടനപ്പിള്ളി, നടുവേലിക്കര സ്വദേശിയാണ് സ്വകാര്യ ആശുപത്രിയിൽ ചികിത്സക്കിടെ മരിച്ചത്. പനിയെ തുടർന്ന് രണ്ടാഴ്ച മുമ്പാണ് രോഗിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

&&&&&&&&&&&&&

ഹജ്ജ് തീർത്ഥാടനം

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന തീർഥാടനത്തിന് പോകാൻ 251 പേർക്കുകൂടി അവസരം. ഇതോടെ കേരളത്തിൽ നിന്ന് ഹജ്ജിന് പോകാൻ അവസരം ലഭിച്ചവരുടെ എണ്ണം 18,019 ആയി. വിവിധ സംസ്ഥാനങ്ങളിൽ ഒഴിവുവന്ന സീറ്റുകളാണ് കേരളത്തിന് അനുവദിച്ചത്.

&&&&&&&&&&&&&

ഹെഡ് ലൈൻ - 5

ഐ പി എൽ

ഐ പി എൽ ക്രിക്കറ്റിൽ ഇന്നത്തെ മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദ് -ലക്കനൗ സൂപ്പർ ജയന്റ്സിനെ നേരിടും. ഹൈദരാബാദിലെ രാജീവ് ഗാന്ധി ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ രാത്രി 7:30നാണ് മത്സരം. നിലവിൽ പോയിന്റ് പട്ടികയിൽ ഹൈദരാബാദ് നാലാമതും, ലക്കനൗ ആറാമതുമാണ്.

സൗദി -ടേബിൾ ടെന്നീസ്

സൗദി സ്മാഷ് ടേബിൾ ടെന്നീസ് വനിതാ സിംഗിൾസ് പ്രീക്വാർട്ടറിൽ ഇന്ന് ഇന്ത്യയുടെ മനിക ബത്ര ജർമനിയുടെ നീന മിറ്റെലാമിനെ നേരിടും. ജിദ്ദയിലാണ് മത്സരം.

&&&&&&&&&&&&&

RMU TVPM

കാസർഗോഡ് (ഇൻട്രോ)

കാസർഗോഡ് ജില്ലയിലെ പെരിയ ഗോകുലം ഗോശാലയിൽ ദേശീയ നൃത്തോത്സവത്തിന് ഇന്ന് തുടക്കമാകും . പരമ്പര വിദ്യാപീഠത്തിന് കീഴിൽ ഭാരതീയ കലകളെ പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായാണ് നൃത്തോത്സവം സംഘടിപ്പിക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി ജഗൻ നിവാസൻ..... (വോയ്സ്)

&&&&&&&&&&&&&

വിവരാവകാശം- കുടുംബശ്രീ

വിവരാവകാശ നിയമ പ്രകാരം ഇനി കുടുംബശ്രീ യൂണിറ്റുകളിലും അപേക്ഷ നല്കാം. അപേക്ഷകളുടെ പ്രാധാന്യമനുസരിച്ച് 48 മണിക്കൂറിനകമോ 29 ദിവസത്തിനകമോ മറുപടി ലഭിക്കും. സാധാരണ ഫയലുകളിൽ അഞ്ച് ദിവസത്തിനകം നടപടി ആരംഭിക്കും.

&&&&&&&&&&&&

&&&&&&&&&

&&&&&&&

RNDTVPM